**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ -- --688001**

**ഫോൺ:0477-2251349;ഇ-മെയിൽ: prdalppy@gmail.com,**

**വെബ് സൈറ്റ്: www.prd.kerala.gov.in**

**പത്രക്കുറിപ്പ് 1 "ഭരണഭാഷ-മാതൃഭാഷ" 2020 ജനുവരി 01 ബുധൻ**

---

**കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി; ശുചിത്വമിഷൻ 15 ബിന്നുകൾ സ്ഥാപിച്ചു**

ആലപ്പുഴ : കളക്ടേഴ്സ് @ സ്കൂൾ പദ്ധതിപ്രകാരം ജില്ലാപഞ്ചായത്തിന്റെ 15 സ്കൂളുകളിൽ ശുചിത്വമിഷന് ഫണ്ട് ഉപയോഗിച്ച് ബിന്നുകൾ സ്ഥാപിച്ചു. പെറ്റ് ബോട്ടിൽ, ഹാർഡ്ബോട്ടില്, പേപ്പർ, മിൽക്ക്കവര് എന്നിവയാണ് ഈ ബിന്നുകളിൽ ശേഖരിക്കുന്നത്. ഇതിന്റെ ഭാഗമായി പൊള്ളേത്തൈ ഗവ.ഹൈസ്കൂളിൽ പരിസ്ഥിതി ജൈവ സംരക്ഷണ പ്രവർത്തകനും വനമിത്ര അവാർഡ് ജേതാവുമായ ഫിറോസ് അഹമ്മദ് പ്ലാസ്റ്റിക് മാലിന്യം ഉണ്ടാക്കുന്ന വിപത്തിനെക്കുറിച്ച് ബോധവത്ക്കര ക്ലാസ്സ് നടത്തി. ജില്ലാകളക്ടർ എം.അഞ്ജന ബിന്നുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ജില്ലാപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാന് അഡ്വ.കെറ്റി.മാത്യു അദ്ധ്യക്ഷത വഹിച്ചു. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ഷീന സനൽകുമാര്, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇന്ദിരതിലകൻ, ജില്ലാവിദ്യാഭ്യാസ ആഫീസർ ധന്യ ആര് കുമാർ, ഹരിതകേരളംമിഷൻ ജില്ലാകോർഡിനേറ്റര് കെ.എസ്.രാജേഷ്, ശുചിത്വമിഷൻ ജില്ലാകോർഡിനേറ്റര് പി.വി.ജയകുമാരി, എസ്.എം.സി.ചെയർമാന് കെ.ബി.ബിനു, സ്റ്റാഫ് സെക്രട്ടറി സീനാസ്റ്റീഫൻ, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന് എന്നിവര് പങ്കെടുത്തു.

ചിത്രവിവരണം

ജില്ല പഞ്ചായത്തിന്റെ 15 സ്കൂളുകളിൽ ശുചിത്വമിഷന് സ്ഥാപിച്ച 15 ബിന്നുകളുടെ ഉദ്ഘടനം ജില്ല കളക്ടർ എം.അഞ്ജന നിർവഹിക്കുന്നു

**മുളക്കുഴ ഹയർസെക്കണ്ടറി സ്കൂള് കളക്ടേഴ്സ് @സ്കൂള് പദ്ധതിക്ക് തുടക്കമായി**

ആലപ്പുഴ :പുതുവർഷത്തില് സംസ്ഥാനമൊട്ടാകെ പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കുമ്പോൾ മുളക്കുഴ ഹയര് സെക്കണ്ടറി സ്കൂളും ഈ യജ്ഞത്തിൽ പങ്കുചേരുകയാണ് കളക്ടേഴ്സ് @ സ്കൂള് പദ്ധതിയിലൂടെ. വിദ്യാർത്ഥികളില് ശുചിത്വ ബോധം സൃഷ്ടിക്കുക, മാലിന്യ സംസ്കരണത്തെപ്പറ്റി തലമുറയെ ബോധവാൻമാരാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ജില്ലാ പഞ്ചായത്ത് മെമ്പർ വേണു കളക്ടേഴ്സ് @സ്കൂള് പദ്ധതി ഉദ്ഘാടനം ചെയ്തു.

പദ്ധതിയുടെ ഭാഗമായി സ്കൂളില് മാലിന്യശേഖരണത്തിനാവശ്യമായ ബാസ്കറ്റുകള് സ്ഥാപിച്ചു. പ്ലാസ്റ്റിക് മാലിന്യങ്ങളും, ഖരമാലിന്യങ്ങളും, ഭക്ഷണാവശിഷ്ടങ്ങളും പ്രത്യേകം വേർതിരിച്ചു ശേഖരിക്കാനുള്ള സൗകര്യവും, സംവിധാനവും ഒരുക്കിയിട്ടുണ്ട്.
മുളക്കുഴ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് രശ്മി രവീന്ദ്രന് അദ്ധ്യക്ഷത വഹിച്ചു . വില്ലേജ് എക്സ്റ്റൻഷന് ഓഫീസര് ബൈജു ടി സി കളക്ടേഴ്സ് അറ്റ് സ്കൂള് പദ്ധതിയെക്കുറിച്ച് കുട്ടികളോട് വിശദീകരിച്ചു. ഹയർ സെക്കണ്ടറി പ്രിൻസിപ്പല് ഉഷ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് രവീന്ദ്രൻ, വികസന കാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർപേഴ്സണ് ഗിരിജ വിജയകുമാര്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർപേഴ്സണ് രാധാഭായ്, വാർഡ് മെമ്പർമാരായ മനോജ്, ഷൈലജ,പി റ്റി എ പ്രസിഡണ്ട് എം,എച്ച് റഷീദ് എന്നിവർ സംസാരിച്ചു.

**ജില്ല കളക്ടറുടെ പരാതി പരിഹാര**

**അദാലത്ത് ജനുവരി 18ന്**

ആലപ്പുഴ: പൊതുജനങ്ങളുടെ പരാതികളും അപേക്ഷകളും അതിവേഗത്തിലും ജനസൗഹാർദ്ദപരമായും തീർപ്പാക്കുന്നതിന് ജില്ല കളകട്റുടെ അമ്പലപ്പുഴ താലൂക്കിലെ പൊതുജന പരാതി പരിഹാര അദാലത്ത് 'സഫലം' ജനുവരി 18ന് ജില്ല പഞ്ചായത്ത് ഹാളിൽ നടത്തും. എൽ.ആർ.എം കേസുകൾ, സർവ്വേ ,പ്രളയം സംബന്ധമായ അപേക്ഷകൾ, ഭൂമിയുടെ തരമാറ്റം/പരിവർത്തനം, റേഷൻ കാർഡ് എന്നിവയൊഴികെയുള്ള എല്ലാ പരാതികളും അപേക്ഷകളും അദാലത്തിൽ സ്വീകരിച്ച് താലൂക്ക് തല വകുപ്പ് മേധാവികളുടെ സാന്നിധ്യത്തിൽ പരിഹാരം കാണും. അദാലത്തിലേക്കായി അമ്പലപ്പുഴ താലൂക്കിലെ വില്ലേജോഫീസുകൾ, അമ്പലപ്പുഴ താലൂക്ക് ഓഫീസ്, ആർ.ഡി.ഒ ഓഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ ജനുവരി 10 വൈകിട്ട് അഞ്ചു വരെ അപേക്ഷകൾ നൽകാം. ജനുവരി 18ന് ജില്ല പഞ്ചായത്ത് ഹാളിൽ ജില്ല കളക്ടര് നേരിട്ട് പരാതികൾ സ്വീകരിക്കുന്നതും ഉടന് തീർപ്പാക്കുന്നതുമാണ്.

**കൺസ്യൂമർഫെഡിനെ ടെൻഡര് നടപടികളില്**

**നിന്ന് ഒഴിവാക്കി**

ആലപ്പുഴ: ഇ-ത്രിവേണി സ്റ്റേഷനറി സാധനങ്ങളുടെ വിൽപ്പന വർധിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാര്/അർദ്ധ സർക്കാര് സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, കോർപ്പറേഷനുകള്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവയുടെ ടെൻഡറുകളില് പങ്കെടുക്കുന്നതിന് കൺസ്യൂമർഫെഡിനെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഒഴിവാക്കി സർക്കാര്

ഉത്തരവായി. കൺസ്യൂമർഫെഡില് നിന്നും ടെൻഡര് കൂടാതെ നേരിട്ട് നിത്യോപയോഗസാധനങ്ങൾ വാങ്ങുന്നതിന് അനുമതിയും ആയിട്ടുണ്ട്. സർക്കാര്, അർദ്ധ സർക്കാര് സിവില് സ്റ്റേഷന് മറ്റ് ഓഫീസുകളുടെ കെട്ടിടങ്ങളിൽ സ്റ്റേഷനറി കൗണ്ടര് തുടങ്ങുന്നതിനു വേണ്ട നടപടികൾ അതത് ജില്ല കളക്ടറുമായി ചേർന്ന് കൈക്കൊണ്ടു വരുകയാണ്.

**ചേർത്തല നഗരസഭ: വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ പ്രത്യേകയോഗം ഏഴിന്**

ആലപ്പുഴ: ചേർത്തല നഗരസഭയിലെ ലൈഫ് -പി.എം.എ.വൈ പദ്ധതി കുടുംബസംഗമത്തിനു മുന്നോടിയായുള്ള വിവിധ വകുപ്പുതല ഉദ്യോഗസ്ഥരുടെ പ്രത്യേകയോഗം ജനുവരി ഏഴിന് ഉച്ചയ്ക്ക് ശേഷം 3.30ന് ചേരും.

**ശുചീകരണ സുരക്ഷാ തൊഴിലാളികളുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ മാത്രം**

ആലപ്പുഴ: സർക്കാര് ഓഫീസുകളിലെ ശുചീകരണം, സുരക്ഷ എന്നിവയ്ക്കായുള്ള താൽക്കാലിക നിമയനങ്ങൾക്ക് കുടുംബശ്രീ, കെക്സോൺ എന്നീ സ്ഥാപനങ്ങളുമായി വാർഷികാടിസ്ഥാനത്തില് സേവനകരാര് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ സർക്കുലര് റദ്ദാക്കി ധനവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽപറഞ്ഞ ഒഴിവുകള് പഴയതുപോലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അറിയിക്കുവാന് ഓഫീസ് മേധാവികൾ ശ്രദ്ധിക്കണമെന്ന് എം.പ്ലോയ്മെന്റ് ഓഫീസര് അറിയിച്ചു.

**എടത്വയെ ഭക്ഷ്യ സുരക്ഷാ പഞ്ചായത്താക്കുന്നു;**

**ലൈസൻസ് മേളകള് ജനുവരി മൂന്നുമുതല്**

ആലപ്പുഴ: സംസ്ഥാന ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ സുരക്ഷിത ആഹാരം ആരോഗ്യത്തിനാധാരം പദ്ധതിയുടെയും ആർദ്രം പദ്ധതിയുടെയും ഭാഗമായി സാമ്പത്തിക വർഷം ജില്ലയില് കുട്ടനാട് ഭക്ഷ്യ സുരക്ഷ സർക്കിളിലെ എടത്വ ഗ്രാമപഞ്ചായത്തിനെ ഭക്ഷ്യസുരക്ഷ പഞ്ചായത്തായി ഉയർത്താന് തീരുമാനിച്ചു. ഈ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ വിവിധതല ഭക്ഷ്യ നിർമ്മാണ വിതരണ വിൽപ്പന യൂണിറ്റുകളില് പരിശോധന തുടരുന്നു. പഞ്ചായത്തിലെ മുഴുവൻ ഭക്ഷ്യ നിർമാണ വിതരണ വില്പന കേന്ദ്രങ്ങളെയും ഭക്ഷ്യ സുരക്ഷ നിയമത്തിന്റെ പരിധിയില് കൊണ്ടു വരുന്നതിനായി ലൈസൻസ്/രജിസ്ട്രേഷൻ മേളകള് സംഘടിപ്പിക്കുന്നുണ്ട്. പാക്കറ്റ് ഫുഡുകൾ ഉൾപ്പെടെ വിൽക്കുന്ന ചെറുകിട ഭക്ഷണ വ്യാപരികൾ, മൊത്ത വ്യാപാരികൾ, കാറ്ററിങ് യൂണിറ്റുകൾ, ചിക്കൻ, ഡക്ക്, ഫിഷ് സ്റ്റാളുകൾ, മീൻതട്ടുകള്, ഉച്ചഭക്ഷണം വിതരണം നടത്തുന്ന ആരാധനാലയങ്ങൾ, ബോർമകള്, പച്ചക്കറി കടകൾ, തട്ടുകടകൾ തുടങ്ങിയ എല്ല ഭക്ഷണ വിതരണ/നിർമാണ/വിൽപ്പന ശൃംഖലയിലും ഉൾപ്പെടുന്നവര് ഭക്ഷ്യ സുരക്ഷ ലൈസൻസ് രജിസ്ട്രേഷന് എടുക്കണം. ഭക്ഷ്യസുരക്ഷ ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാതെ ഭക്ഷണ വിപണനം,വിതരണം നടത്തുന്നതിന് ശിക്ഷാർഹമാണ്. ആയതിനാൽ ലൈസൻസ് എടുക്കേണ്ടതിലേക്കായി മേളകൾ ജനുവരി മൂന്നിന് രാവിലെ **11** മുതൽ **1.30** വരെ പച്ച ലൂർദ് മാതാ പള്ളി പാരിഷ് ഹാളിലും നാലിന് **11** മുതൽ രണ്ടു മണിവരെ എടത്വ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലും അക്ഷയ കേന്ദ്രത്തിന്റെ സഹകരണത്തോടെ നടത്തും. അപേക്ഷ നൽകേണ്ടവര് ഫോട്ടോയും ആധാര് കാർഡുമായി എത്തണം. ഫോൺ: **759387336.**

**രാത്രികാല മൃഗചികിത്സ പദ്ധതിയിൽ വെറ്ററിനറി ബിരുദധാരികളെ ആവശ്യമുണ്ട്**

ആലപ്പുഴ: മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കി വരുന്ന രാത്രികാല അടിയന്തിര മൃഗ ചികിത്സ പദ്ധതിയിൽ ജില്ലയിലെ അമ്പലപ്പുഴ, ആര്യാട്, ചെങ്ങന്നൂർ, ഭരണിക്കാവ് എന്നീ ബ്ലോക്കുകളിലേക്ക് കരാറടിസ്ഥാനത്തില് **179** ദിവസത്തേക്ക് വെറ്ററിനറി

കൗൺസില് രജിസ്ട്രേഷനുള്ള തൊഴിൽരഹിതരായ വെറ്ററിനറി ബിരുദധാരികളെ ആവശ്യമുണ്ട്. താൽപര്യമുള്ള ഉദ്യോഗാർഥികള് ജനുവരി 10 രാവിലെ 11മണിക്ക് അസൽ സർട്ടിഫിക്കറ്റുകള് സഹിതം ജില്ല മൃഗ സംരക്ഷണ ഓഫീസിൽ ഹാജരാകണമെന്ന് ജില്ല മൃഗസരംക്ഷണ ഓഫീസര് അറിയിച്ചു. നിയമനം ലഭിക്കുന്നവരുടെ ജോലി സമയം മുനിസിപ്പാലറ്റി പ്രദേശത്ത് വൈകിട്ട് എട്ടു മുതൽ അടുത്ത ദിവസം രാവിലെ എട്ടുവരെയും പഞ്ചായത്ത് പ്രദേശത്ത് വൈകിട്ട് ആറ് മണി മുതൽ അടുത്ത ദിവസം രാവിലെ ആറുവരെയും ആണ്. മാസം 39500 രൂപ ഹോണറേറിയം ലഭിക്കും. ഫോണ്: 0477 2252431.

**ജീവനിക്ക് പുന്നപ്ര വടക്ക് പഞ്ചായത്തിൽ തുടക്കമായി**

ആലപ്പുഴ :പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത നേടുക, വിഷ രഹിത പച്ചക്കറി ലഭ്യമാക്കുന്നതിലടെ നമ്മുടെ ആരോഗ്യം സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ ആരോഗ്യ വകുപ്പുമായി ചേർന്ന് ജീവനി നമ്മുടെ കൃഷി - നമ്മുടെ ആരോഗ്യം പദ്ധതിയുടെ പഞ്ചായത്ത് തല ഉദ്ഘാടനം പുന്നപ്ര വടക്ക് പഞ്ചായത്ത് കൃഷിഭവനിൽ പ്രസിഡന്റ് സുവർണ പ്രതാപന് നിർവഹിച്ചു. കാർഷിക രംഗത്ത് പുന്നപ്ര പഞ്ചായത്തിനെ സമ്പൂർണ ജൈവ ഗ്രാമമാക്കി മാറ്റുന്നതിനും എല്ലാ വീടുകളിലും വിഷമുക്തമായ പച്ചക്കറികൾ ഉൽപാദിപ്പിക്കുന്നതിനും വീട്ടാവശ്യത്തിനുശേഷം ബാക്കിയുള്ളവ വിപണിയിൽ എത്തിക്കുന്നതും ലക്ഷ്യമിട്ടാണ് ജീവനി പദ്ധതിക്ക് രൂപം നൽകിയത്. ആദ്യഘട്ടമെന്ന നിലയിൽ പഞ്ചായത്തിലെ മെമ്പർമാരുടെ വീടുകളിലും താൽപര്യമുള്ള കുടുംബങ്ങൾക്കും പച്ചക്കറി തൈകളും ജൈവവളവും വിതരണം ചെയ്യും . 2021 വിഷു വരെയുള്ള 470 ദിവസമാണ് ജീവനി പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. കൂടാതെ ആരോഗ്യ വകുപ്പുമായി ചേർന്ന് ക്യാംപയിൻ നടത്താനും പഞ്ചായത്ത് തലത്തില് കൃഷി പാഠശാല ആരംഭിക്കാനും യോഗത്തിൽ തീരുമാനമായി. പുന്നപ്ര വടക്ക് ബ്ലോക് കൃഷിഭവനിൽ നടന്ന ചടങ്ങില് പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന് രതീഷ് കുമാര്, പഞ്ചായത്ത് മെമ്പറുമാർ, കൃഷിഓഫീസർ എന്നിവര് സന്നിഹിതരായി.

**ലൈഫ് മിഷൻ കുടുംബ സംഗമം: തൈക്കാട്ടുശേരിയിൽ അവലോകന യോഗം**

ആലപ്പുഴ :തൈക്കാട്ടുശേരി ബ്ലോക്ക് പരിധിയിൽ വരുന്ന ലൈഫ് ഗുണഭോക്താക്കളുടെ കുടുംബ സംഗമത്തിന് മുന്നോടിയായി അവലോകന യോഗം ചേർന്നു. ജനുവരി 11 നു നടക്കുന്ന കുടുംബ സംഗമത്തിൽ വിവിധ വകുപ്പുകള് നൽകുന്ന സേവനങ്ങളും, മുന്നൊരുക്കങ്ങളും വിലയിരുത്തി. തൈക്കാട്ടുശേരി ബ്ലോക്ക് അങ്കണത്തിൽ നടക്കുന്ന സംഗമത്തില് നിരവധി പേര് പങ്കെടുക്കും . കൃഷി, ആരോഗ്യം, ഗ്രാമ വികസനം, പട്ടിക ജാതി പട്ടിക വർഗ വകുപ്പ്, ശുചിത്വ മിഷന് തുടങ്ങിയ വകുപ്പുകളുടെ സേവനം സംഗമത്തിൽ ലഭ്യമാകും. അപേക്ഷകൾ സ്വീകരിക്കുന്നതിനൊപ്പം തന്നെ തുടർനടപടികളും പൂർത്തിയാകും.

യോഗത്തിൽ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമല സെൽവരാജ് അധ്യക്ഷത വഹിച്ചു. തൈക്കാട്ടുശേരി ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസര് എ ബിജുകുമാര്, ആലപ്പുഴ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണര് (പി.എ) അഷറഫ്. പി. ഹംസ വിവിധ വകുപ്പ് പ്രതിനിധികൾ തുടങ്ങിയവര് യോഗത്തില് പങ്കെടുത്തു.

**മുട്ട കോഴി വിതരണം**

ആലപ്പൂഴ പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരം വീട്ടുമുറ്റത്തെ കോഴി വളർത്തല് പദ്ധതിയില് ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ടാം ഘട്ട കോഴി വിതരണം നടത്തി.100 ഗുണഭോക്താക്കൾക്കാണ് കോഴിയെ നൽകിയത്. പഞ്ചായത്ത് പ്രസിഡന്റ് സുവർണ പ്രതാപന് ഉദ്ഘാടനം നിർവ്വഹിച്ചു. മെമ്പർമാർ , വെറ്റിനറി ഡോക്ടർ എല് ദീപ , എന്നിവർ സന്നിഹിതരായി. ഓരോ ഗുണഭോക്താവിനും 45 ദിവസം മുതൽ 60 ദിവസം വരെ പ്രായമായ 10 കോഴികളെ വീതമാണ് നൽകിയത്.

**ഫോട്ടോ ക്യാപ്ഷൻ :**

പഞ്ചായത്ത് പ്രസിഡന്റ് സുവർണ പ്രതാപന് കോഴി വിതരണം ഉദ്ഘാടനം ചെയ്യുന്നു.